"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് Apiarist Course നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.437/2024/ID തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:- 14.05.2023 തീയതിയിലെ ഖാദിബോർഡ് സെക്രട്ടറിയുടെ കെ.ബി.നം 6969/2019/E1(B) നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമ വ്യവസായങ്ങളിൽ പ്രഥമവും പ്രധാനപ്പെട്ടതുമായ തേനീച്ച വളർത്തൽ വ്യവസായത്തിന് സംസ്ഥാനത്ത് അനന്തമായ സാധ്യതകളാണ് ഉള്ളതെന്നും ഇതു മുന്നിൽ കണ്ടുകൊണ്ട് തേനീച്ച വളർത്തൽ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്കായി നിരവധി പരിശീലന പരിപാടികൾ ഖാദി ബോർഡ് നേരിട്ട് നടത്തിവരുന്നുണ്ടെന്നും ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ബീ-കീപ്പിംഗ് ഫീൽഡ് മാൻ തസ്തികയുടെ യോഗ്യതയായി സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള Apiarist Course കേരളത്തിൽ ഖാദി കമ്മീഷൻ നടത്തുന്നില്ലായെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 12.04.2023 ൽ കൂടിയ ബോർഡ് യോഗ തീരുമാനം 2 പ്രകാരം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ 6 മാസത്തെ Apiarist Course നടത്തുന്നതിന് സർക്കാരിൽ നിന്നും, കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നും അനുവാദം വാങ്ങുന്നതിന് ബോർഡ് യോഗം തീരുമാനിച്ചുവെന്നും ആയതിനാൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ബീ-കീപ്പിംഗ് ഫീൽഡ് മാൻ തസ്തികയുടെ യോഗ്യതയായി സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള Apiarist Course കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ നടത്തുന്നതിന് അനുവാദം നൽകണമെന്ന് പരാമർശം പ്രകാരം ഖാദി ബോർഡ് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ബീ-കീപ്പിംഗ് ഫീൽഡ് മാൻ തസ്തികയിലെ യോഗ്യതയായി സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള Apiarist Course കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് നടത്തുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

വെബ് & ന്യൂമീഡിയ (പ്രസിദ്ധീകരണത്തിനായി)

സ്റ്റോക്ക് ഫയൽ (IND-K1/64/2023-IND)

ഉത്തരവിൻ പ്രകാരം

Signed by
Susan Thomas
Date: 10-06-2024 16:45:15